# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4348 — 17.05.2017-ൽ മറുപടിയ്ക്ക്

## കൊഴിക്കര ആയുർവേദ ആശുപത്രി

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദ ആശുപത്രിയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് നിലവിലുള്ളത്; എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ നിലവിൽ ഇവിടെ ലഭ്യമാണ്; | (എ) | നിലവിൽ ഡിസ്പെൻസറിയായി പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന് 20 സെന്റ് സ്ഥലം ഉണ്ട്. 20 കിടക്കകളോടു കൂടിയ ആശുപത്രിയ്ക്കായുള്ള സൗകര്യങ്ങളോടു കൂടിയ കെട്ടിടവും ഒ.പി. ചികിത്സയ്ക്കുള്ള സൗകര്യവും നിലവിലുണ്ട് . |
| (ബി) | ഈ ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം അനുവദിക്കാവുന്നതാണെന്ന ശിപാർശ ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) യും (സി) യും | ഇതു സംബന്ധിച്ച് സാമ്പത്തിക ബാദ്ധ്യതയുൾപ്പെടെയുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ഈ ആശുപത്രിയിൽ കിടത്തി ചികിത്സാ സൗകര്യം അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ